| 16-09-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങളാണ് ആത്മീയ വഴികാട്ടികൾ, നിങ്ങൾ എല്ലാവർക്കും ശാന്തിധാമം അർത്ഥം അമരപുരിയിലേക്കുള്ള വഴി പറഞ്ഞു കൊടുക്കണം.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഏതൊരു ലഹരിയാണ് ഉള്ളത്, ആ ലഹരിയുടെ ആധാരത്തിൽ ഏതൊരു നിശ്ചയത്തോടെയുള്ള വാക്ക് പറയുന്നു?

**ഉത്തരം:-** നിങ്ങൾ കുട്ടികൾക്ക് ഈ ലഹരിയാണ് എന്തെന്നാൽ നമ്മൾ ബാബയെ ഓർമ്മിച്ച് ജന്മ-ജന്മാന്തരത്തേക്ക് വേണ്ടി പവിത്രമായി മാറുന്നു. നിങ്ങൾ നിശ്ചയത്തോടെ പറയുകയാണ് എത്ര തന്നെ വിഘ്നം വന്നാലും സ്വർഗ്ഗത്തിന്റെ സ്ഥാപന തീർച്ചയായും നടക്കുക തന്നെ ചെയ്യും. പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാവുക തന്നെ വേണം. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്, ഇതിൽ സംശയത്തിന്റെ കാര്യമേയില്ല.

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് നമ്മൾ ആത്മാക്കളാണെന്ന് അറിയാം. ഈ സമയം നമ്മൾ ആത്മീയ വഴികാട്ടികളായിരിക്കുകയാണ്. ആവുന്നുമുണ്ട്, ആക്കുന്നുമുണ്ട്. ഈ കാര്യങ്ങൾ നല്ല രീതിയിൽ ധാരണ ചെയ്യൂ. മായയുടെ കൊടുങ്കാറ്റ് മറപ്പിക്കുന്നു. ദിവസവും രാവിലെയും വൈകുന്നേരവും ഈ ചിന്ത ഉണ്ടായിരിക്കണം - ഈ അമൂല്യ രത്നം അമൂല്യ ജീവിതത്തിന് വേണ്ടി ആത്മീയ അച്ഛനിൽ നിന്ന് ലഭിച്ചിരിക്കുകയാണ്. അതിനാൽ ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുന്നു - കുട്ടികളേ, നിങ്ങൾ ഇപ്പോൾ മുക്തിധാമത്തിന്റെ വഴി പറഞ്ഞുകൊടുക്കുന്നതിനുള്ള ആത്മീയ വഴികാട്ടികൾ അഥവാ ഗൈഡ്സ് ആണ് - ഇതാണ് അമരപുരിയിലേക്ക് പോകുന്നതിനുള്ള സത്യം സത്യമായ അമരകഥ. അമരപുരിയിൽ പോകുന്നതിന് വേണ്ടി നിങ്ങൾ പവിത്രമായി മാറിക്കൊണ്ടിരിക്കുകയാണ്. അപവിത്ര ഭ്രഷ്ടാചാരി ആത്മാവ് അമരപുരിയിൽ എങ്ങനെ പോകും? മനുഷ്യർ അമർനാഥ് യാത്രക്ക് പോകുന്നു, സ്വർഗ്ഗത്തെയും അമരനാഥപുരിയെന്ന് പറയും. അമരനാഥൻ ഒറ്റക്കായിരിക്കില്ല. നിങ്ങൾ എല്ലാ ആത്മാക്കളും അമരപുരിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ആത്മാക്കളുടെ അമരപുരി പരംധാമമാണ്, പിന്നീട് ശരീരത്തോടൊപ്പം അമരപുരിയിലേക്ക് വരുന്നു. അവിടേക്ക് ആരാണ് കൂട്ടിക്കൊണ്ടുപോകുന്നത്? പരംപിതാ പരമാത്മാവ് എല്ലാവരെയും കൂട്ടിക്കൊണ്ട് പോകുന്നു. അതിനെ അമരപുരിയെന്നും പറയാം. എന്നാൽ ശരിയായ പേര് ശാന്തിധാമമെന്നാണ്. അവിടേക്കാണെങ്കിൽ എല്ലാവർക്കും പോവുക തന്നെ വേണം. നാടകത്തിന്റെ ഭാവി ആർക്കും മാറ്റാൻ കഴിയില്ല. ഇത് നല്ല രീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യൂ. ആദ്യമാദ്യം ആത്മാവാണെന്ന് മനസ്സിലാക്കൂ.പരംപിതാ പരമാത്മാവും ആത്മാവ് തന്നെയാണ്. കേവലം പരംപിതാ പരമാത്മാവെന്ന് പറയുന്നു, പരമാത്മാവ് നമുക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. ബാബ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരൻ, പവിത്രതയുടെ സാഗരൻ. ഇപ്പോൾ കുട്ടികളെ പവിത്രമാക്കി മാറ്റുന്നതിന് വേണ്ടി ശ്രീമതം നൽകുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ജന്മ-ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും. ഓർമ്മയെത്തന്നെയാണ് യോഗം എന്ന് പറയുന്നത്. നിങ്ങൾ കുട്ടികളാണല്ലോ. ബാബയെ ഓർമ്മിക്കണം. ഓർമ്മയിലൂടെ തന്നെയാണ് അക്കരെ എത്തുന്നത്. ഈ വിഷയനഗരിയിൽ നിന്ന് ശിവനഗരിയിലേക്ക് പോകും പിന്നീട് വിഷ്ണുപുരിയിൽ വരും. നമ്മൾ പഠിക്കുന്നത് തന്നെ അവിടേക്ക് വേണ്ടിയാണ്, ഇവിടേക്ക് വേണ്ടിയല്ല. ഇവിടെ ആരാണോ രാജാവായി മാറുന്നത്, അവർ ധനം ദാനം ചെയ്യുന്നതിലൂടെയാണ് ആയിത്തീരുന്നത്. പാവങ്ങളെ വളരെയധികം സംരക്ഷിക്കുന്ന ചിലരുണ്ട്, ചിലർ ആശുപത്രി, ധർമ്മശാലകൾ മുതലായവ നിർമ്മിക്കുന്നു, ചിലർ ധനം ദാനം ചെയ്യുന്നു. സിന്ധിൽ മൂൽചന്ദ് ഉണ്ടായിരുന്നു, പാവങ്ങളുടെയടുത്ത് പോയി ദാനം നൽകിയിരുന്നു. പാവങ്ങളെ വളരെയധികം സംരക്ഷിച്ചിരുന്നു. അങ്ങനെ അനേകം ദാനികളുണ്ട്. അതിരാവിലെ എഴുന്നേറ്റ് അന്നത്തിന്റെ ഒരു പിടി പാവങ്ങൾക്ക് ദാനം ചെയ്യുന്നു. ഇന്നത്തെക്കാലത്താണെങ്കിൽ വഞ്ചന വളരെയധികം നടക്കുന്നു. അർഹതപ്പെട്ടവർക്ക് ദാനം നൽകണം. അത് ബുദ്ധിയിലേയില്ല. പുറമെ ഭിക്ഷ യാചിക്കാൻ ഇരിക്കുന്നവർക്ക് കൊടുക്കുക, അതൊരു ദാനമൊന്നുമല്ല. അവർക്കാണെങ്കിൽ ഇതാണ് ജോലി. പാവങ്ങൾക്ക് ദാനം നൽകുന്നവർ നല്ല പദവി നേടുന്നു.

ഇപ്പോൾ നിങ്ങൾ എല്ലാവരും ആത്മീയ വഴികാട്ടികളാണ്. നിങ്ങൾ പ്രദർശിനി അഥവാ മ്യൂസിയം തുറക്കുകയാണെങ്കിൽ ഇങ്ങനെയുള്ള പേര് എഴുതു, അതിലൂടെ സ്വർഗ്ഗത്തിലേക്കുള്ള കവാടം അഥവാ പുതിയ വിശ്വത്തിന്റെ രാജധാനിയുടെ കവാടമാണെന്ന് വ്യക്തമാകണം. പക്ഷെ മനുഷ്യർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഇത് മുള്ളുകളുടെ കാടാണ്. എവിടെയാണോ ദേവതകൾ വസിക്കുന്നത് ,സ്വർഗ്ഗം പൂക്കളുടെ പൂന്തോട്ടമാണ്. നമ്മൾ ബാബയെ ഓർമ്മിച്ച് ജന്മ-ജന്മാന്തങ്ങളിലേക്ക് വേണ്ടി പവിത്രമായി മാറുന്നു

വെന്ന ലഹരി നിങ്ങൾ കുട്ടികൾക്കുണ്ടായിരിക്കണം. നിങ്ങൾക്കറിയാം എത്ര തന്നെ വിഘ്നമുണ്ടായാലും തീർച്ചയായും സ്വർഗ്ഗത്തിന്റെ സ്ഥാപന ഉണ്ടാകും. പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാവുക തന്നെ വേണം. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്, ഇതിൽ സംശയത്തിന്റെ കാര്യം തന്നെയില്ല. അൽപം പോലും സംശയമുണ്ടാകരുത്. പതിതപാവനൻ എന്നാണെങ്കിൽ എല്ലാവരും പറയുന്നുണ്ട്. വന്ന് ദുഃഖത്തിൽ നിന്ന് മോചിപ്പിക്കൂ എന്ന് ഇംഗ്ലീഷിലും പറയുന്നുണ്ട്. ദുഃഖമുണ്ടാകുന്നത് 5 വികാരത്താലാണ്. അതാണ് നിർവികാരീ ലോകം, സുഖധാമം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സ്വർഗ്ഗത്തിലേക്ക് പോകണം. സ്വർഗ്ഗം മുകളിലാണെന്ന് മനുഷ്യർ മനസ്സിലാക്കുന്നു, മുക്തിധാമം മുകളിലാണെന്ന കാര്യം അവർക്കറിയുകയില്ല. ജീവൻമുക്തിയിലാണെങ്കിൽ ഇവിടേക്ക് തന്നെ വരണം. ബാബ ഇത് നിങ്ങൾക്കാണ് മനസ്സിലാക്കിത്തരുന്നത്, ഇതിനെ നല്ല രീതിയിൽ ധാരണ ചെയ്ത് ജ്ഞാനത്തിന്റെ തന്നെ മഥനം ചെയ്യണം. വിദ്യാർത്ഥികളും വീട്ടിൽ ഈ ചിന്ത തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത് - ഈ പേപ്പർ പൂർത്തിയാക്കിക്കൊടുക്കണം, ഇന്ന് ഇത് ചെയ്യണം. അതിനാൽ നിങ്ങൾ കുട്ടികൾക്ക് തന്റെ മംഗളം ചെയ്യുന്നതിന് വേണ്ടി ആത്മാവിനെ സതോപ്രധാനമാക്കി മാറ്റണം. പവിത്രമായി മാറി മുക്തിധാമത്തിലേക്ക് പോവുകയും പിന്നീട് ജ്ഞാനത്തിലൂടെ ദേവതയായി മാറുകയും വേണം. ആത്മാവ് പറയാറുണ്ടല്ലോ നമ്മൾ മനുഷ്യനിൽ നിന്ന് വക്കീലായി മാറുന്നു. നമ്മൾ ആത്മാവ് മനുഷ്യനിൽ നിന്ന് ഗവർണറാകുന്നു. ആത്മാവ് ആയി മാറുന്നത് ശരീരത്തോടൊപ്പമാണ്. ശരീരം ഇല്ലാതാകുമ്പോൾ വീണ്ടും ആദ്യം മുതൽ പഠിക്കേണ്ടി വരുന്നു. ആത്മാവ് തന്നെയാണ് വിശ്വത്തിന്റെ അധികാരിയാകുന്നതിന് പുരുഷാർത്ഥം ചെയ്യുന്നത്. ബാബ പറയുന്നു ഇത് നന്നായി ഓർമ്മിക്കൂ നമ്മൾ ആത്മാവാണ്, ദേവതകൾക്ക് ഇങ്ങനെ പറയേണ്ടി വരുന്നില്ല, ഓർമ്മിക്കേണ്ടി വരുന്നില്ല കാരണം അവരാണെങ്കിൽ പാവനം തന്നെയാണ്. പ്രാപ്തി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്, ബാബയെ ഓർമ്മിക്കാൻ പതിതരല്ല. നിങ്ങൾ ആത്മാവ് പതിതമാണ് അതുകൊണ്ട് ബാബയെ ഓർമ്മിക്കണം. അവർക്കാണെങ്കിൽ ഓർമ്മിക്കേണ്ടതിന്റെ ആവശ്യമില്ല. ഇത് നാടകമാണല്ലോ. ഒരു ദിവസവും പരസ്പരം ഒരു പോലെയായിരിക്കില്ല. ഈ നാടകം നടന്നുകൊണ്ടേയിരിക്കുന്നു. മുഴുവൻ ദിവസത്തിലേയും പാർട്ട് സെക്കന്റ് ബൈ സെക്കന്റ് മാറിക്കൊണ്ടേയിരിക്കുന്നു. ഷൂട്ട് ആയിക്കൊണ്ടേയിരിക്കുന്നു. അതിനാൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, ഒരു കാര്യത്തിലും നിരാശരാകരുത്. ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. തന്റെ ഉത്തരവാദിത്വം മുതലായവ ചെയ്യൂ, എന്നാൽ ഭാവിയിലെ ഉയർന്ന പദവി നേടുന്നതിന് വേണ്ടി പൂർണ്ണമായ പുരുഷാർത്ഥവും ചെയ്യണം. ഗൃഹസ്ഥവ്യവഹാരത്തിലുമിരിക്കണം. കുമാരിമാർ ഗൃഹസ്ഥത്തിലേക്ക് പോകുന്നില്ല. ആർക്കാണോ കുട്ടികളുള്ളത് അവരെയാണ് ഗൃഹസ്ഥിയെന്ന് അവരെയാണ് പറയുക. ബാബയാണെങ്കിൽ അധർകുമാരിമാരെയും, കുമാരിമാരെയും പഠിപ്പിക്കുന്നുണ്ട്. അധർകുമാരിയുടെയും അർത്ഥം അറിയില്ല. എന്താ പകുതി ശരീരമാണോ? ഇപ്പോൾ നിങ്ങൾക്കറിയാം കന്യക പവിത്രമാണ് അധർ കന്യകയെന്ന് അവരെയാണ് പറയുന്നത് ആരാണോ അപവിത്രമായതിന് ശേഷം പവിത്രമാകുന്നത്. നിങ്ങളുടെ തന്നെയാണ് ഓർമ്മചിഹ്നമുള്ളത്. ബാബ തന്നെയാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ബാബ നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ മൂലവതനത്തെയും അറിയുന്നു, പിന്നീട് സൂരവംശി, ചന്ദ്രവംശി എങ്ങനെ രാജ്യം ഭരിക്കുന്നു, ക്ഷത്രിയതയുടെ അടയാളമായി എന്തിനാണ് അമ്പും വില്ലും കൊടുത്തിരിക്കുന്നത്, അതും നിങ്ങൾക്കറിയാം. യുദ്ധം മുതലായവയുടെ കാര്യം തന്നെയില്ല. അസുരന്മാരുടെ കാര്യവുമില്ല, മോഷണമില്ല എന്ന കാര്യം വ്യക്തമാണ്. സീതയെ കൊണ്ടുപോകാനായി ഇങ്ങനെയൊരു രാവണനൊന്നുമില്ല . അതിനാൽ ബാബ മനസ്സിലാക്കിത്തരുന്നു, മധുര മധുരമായ കുട്ടികളേ, നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ സ്വർഗ്ഗത്തിന്റെ, മുക്തി-ജീവൻമുക്തിയുടെ വഴികാട്ടികളാണ്. അവർ ഭൗതീക വഴികാട്ടികളാണ്. നമ്മൾ ആത്മീയ വഴികാട്ടികളാണ്. അവർ കലിയുഗീ ബ്രാഹ്മണരാണ്. പുരുഷോത്തമരാകുന്നതിന് പഠിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ബാബ അനേക പ്രകാരത്തിൽ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. എന്നിട്ടും ദേഹാഭിമാനത്തിൽ വരുന്നതിലൂടെ മറന്നു പോകുന്നു. ഞാൻ ആത്മാവാണ്, ബാബയുടെ കുട്ടിയാണ്, ആ ലഹരി ഉണ്ടാകുന്നില്ല. എത്രത്തോളം ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നോ അത്രത്തോളം ദേഹാഭിമാനം ഇല്ലാതാകും. തന്റെ സംരക്ഷണം ചെയ്തുകൊണ്ടിരിക്കൂ. നോക്കണം, എന്റെ ദേഹാഭിമാനം ഇല്ലാതായോ? നമ്മളിപ്പോൾ പോയ്ക്കൊണ്ടിരിക്കുകയാണ് പിന്നീട് നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറും. നമ്മുടെ പാർട്ട് തന്നെ ഹീറോ-ഹീറോയിന്റെയാണ്. ഹീറോ-ഹീറോയിൻ എന്ന പേര് എപ്പോഴാണോ വിജയം നേടുന്നത് അപ്പോഴാണ് ഉണ്ടാകുക. ഇപ്പോൾ നിങ്ങൾ വിജയം നേടുകയാണ് അതുകൊണ്ട് നിങ്ങൾക്ക് ഹീറോ-ഹീറോയിന്റെ പേരുണ്ടാകുന്നു, ഇതിന് മുമ്പ് ഉണ്ടായിരുന്നില്ല. തോൽക്കുന്നവരെ ഹീറോ-ഹീറോയിൻ എന്ന് പറയില്ല. നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ നമ്മൾ പോയി ഹീറോ-ഹീറോയിനാകുന്നു. നിങ്ങളുടെ പാർട്ട് ഉയർന്നതിലും ഉയർന്നതാണ്. കക്കയും വജ്രവും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. അഥവാ ചിലർ എത്ര തന്നെ ലക്ഷാധിപതി അഥവാ കോടിപതിയാകട്ടെ എന്നാൽ നിങ്ങൾക്ക

റിയാം ഇതെല്ലാം വിനാശമാകും.

നിങ്ങൾ ആത്മാക്കൾ ധനവാനായിരിക്കുകയാണ്. ബാക്കി എല്ലാവരും പാപ്പരായിക്കൊണ്ടിരിക്കുകയാണ്. ഈ എല്ലാ കാര്യങ്ങളും ധാരണ ചെയ്യണം. നിശ്ചയത്തോടെയിരിക്കണം. ഇവിടെ ലഹരി കയറുന്നു, പുറത്ത് പോകുന്നതിലൂടെ ലഹരി ഇറങ്ങുന്നു. ഇവിടുത്തെ കാര്യം ഇവിടെയിരിക്കുന്നു. ബാബ പറയുന്നു ബുദ്ധിയിലുണ്ടായിരിക്കണം – ബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഈ പഠിപ്പിലൂടെയാണ് നമ്മൾ മനുഷ്യനിൽ നിന്ന് ദേവതയായി മാറുക. ഇതിൽ ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. ജോലി മുതലായവയിൽ നിന്ന് കുറച്ച് സമയം കണ്ടെത്തി ഓർമ്മിക്കാൻ സാധിക്കുന്നു. ഇതും അവരവർക്ക് വേണ്ടിയുള്ള ഉത്തരവാദിത്വമല്ലേ. അവധിയെടുത്ത് പോയി ബാബയെ ഓർമ്മിക്കൂ. ഇത് ഒരു വെറും വാക്ക് പറയലല്ല. മുഴുവൻ ദിവസവും അങ്ങനെ തന്നെ നഷ്ടപ്പെടുത്തരുത്. നമ്മൾ ഭാവിയിലേക്കും കുറച്ചെങ്കിലും ചിന്തിക്കണം. യുക്തികൾ അനേകമുണ്ട്, എത്ര സാധിക്കുമോ സമയം കണ്ടെത്തി ബാബയെ ഓർമ്മിക്കൂ. ശരീര നിർവഹണാർത്ഥം ജോലി മുതലായവയും ചെയ്യൂ. ഞാൻ നിങ്ങൾക്ക് വിശ്വത്തിന്റെ അധികാരിയാകുന്നതിന്റെ വളരെ നല്ല ഉപദേശം നൽകുന്നു. നിങ്ങൾ കുട്ടികളും എല്ലാവർക്കും നിർദ്ദേശം നൽകുന്നവരാണ്. മന്ത്രി നിർദ്ദേശം നൽകാൻ വേണ്ടിയുള്ളതാണല്ലോ. നിങ്ങളും ഉപദേശകരാണ്. എല്ലാവർക്കും മുക്തി ജീവൻ മുക്തി എങ്ങനെ ലഭിക്കും, ഈ ജന്മത്തിൽ ആ വഴി പറഞ്ഞു കൊടുക്കൂ. മനുഷ്യർ സ്ലോഗൻ മുതലായവ ഉണ്ടാക്കി ചുവരിൽ അത് തൂക്കിയിടുന്നു. പവിത്രമാകൂ രാജയോഗിയാകൂ എന്ന് നിങ്ങൾ എഴുതാറുള്ളതുപോലെ. എന്നാൽ ഇത് മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു നമുക്ക് ബാബയിൽ നിന്ന് ഈ സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്, മുക്തിധാമത്തിന്റെയും സമ്പത്തുണ്ട്. എന്നെ നിങ്ങൾ പതിത പാവനനെന്ന് പറയുന്നു അതിനാൽ ഞാൻ വന്ന് പാവനമാകുന്നതിനുള്ള ഉപദേശം നൽകുന്നു. നിങ്ങളും ഉപദേശകരാണ്.എപ്പോൾ വരെ ബാബ ഉപദേശം നൽകുന്നില്ലയോ, ശ്രീമതം നൽകുന്നില്ലയോ അതുവരെ മുക്തിധാമത്തിലേക്ക് ആർക്കും തന്നെ പോകാൻ സാധിക്കില്ല. ശ്രീ അർത്ഥം ശിവബാബയുടെ ശ്രേഷ്ഠ മതം. ആത്മാക്കൾക്ക് ശിവബാബയുടെ ശ്രീമതം ലഭിക്കുന്നു. പാപാത്മാവ്, പുണ്യാത്മാവ് എന്നെല്ലാം പറയുന്നു. പാപ ശരീരമെന്ന് പറയുകയില്ല. ആത്മാവ് ശരീരത്തിലൂടെ പാപം ചെയ്യുന്നു അതുകൊണ്ട് പാപാത്മാവെന്ന് പറയുന്നു. ശരീരമില്ലാതെ ആത്മാവിന് പാപവും പുണ്യവും ചെയ്യാൻ സാധിക്കില്ല. അതിനാൽ എത്ര സാധിക്കുമോ വിചാര സാഗര മഥനം ചെയ്യൂ. സമയമാണെങ്കിൽ ഒരുപാടുണ്ട്. ടീച്ചർ അഥവാ പ്രൊഫസർ ആണെങ്കിൽ അവർക്കും യുക്തിയോടുകൂടി ഈ ആത്മീയ പഠിപ്പ് പഠിപ്പിക്കണം, അതിലൂടെ മംഗളമുണ്ടാകട്ടെ. ബാക്കി ഭൗതീക പഠിപ്പിലൂടെ എന്താകാനാണ്. നമ്മൾ ഇത് പഠിപ്പിക്കുകയാണ്. കുറച്ച് ദിവസങ്ങളാണ് ബാക്കിയുള്ളത്, വിനാശം മുന്നിൽ നിൽക്കുകയാണ്. ഉള്ളിൽ ചിന്ത വന്നുകൊണ്ടിരിക്കും– എങ്ങനെ മനുഷ്യർക്ക് വഴി പറഞ്ഞു കൊടുക്കാം.

ഒരു കുട്ടിക്ക് ചോദ്യപേപ്പർ ലഭിച്ചിട്ടുണ്ടായിരുന്നു അതിൽ ഗീതയുടെ ഭഗവാന്റെ കാര്യം ചോദിച്ചിട്ടുണ്ടായിരുന്നു. അപ്പോൾ അവൾ എഴുതി, ഗീതയുടെ ഭഗവാൻ ശിവനാണ്, അതിനാൽ തോൽപ്പിച്ചു. മനസ്സിലാക്കിയിരുന്നു, ഞാൻ ബാബയുടെ മഹിമയാണ് എഴുതിയത് – ഗീതയുടെ ഭഗവാൻ ശിവനാണ്. ശിവബാബ ജ്ഞാനത്തിന്റെ സാഗരമാണ്, പ്രേമത്തിന്റെ സാഗരമാണ്. കൃഷ്ണന്റെ ആത്മാവും ജ്ഞാനം നേടിക്കൊണ്ടിരിക്കുകയാണ്. ഇത് എഴുതിയതിനാൽ തോറ്റു പോയി. അച്ഛനോടും അമ്മയോടും പറഞ്ഞു – ഞാനിത് പഠിക്കുന്നില്ല. ഇപ്പോൾ തന്നെ ഈ ആത്മീയ പഠിപ്പിൽ മുഴുകും. കുട്ടിയും വളരെ ഫസ്റ്റ് ക്ലാസാണ്. ആദ്യം തന്നെ പറഞ്ഞിരുന്നു ഞാൻ ഇങ്ങനെ എഴുതും, തോറ്റും പോകും. എന്നാൽ സത്യം എഴുതണമല്ലോ. മുന്നോട്ട് പോകുമ്പോൾ മനസ്സിലാക്കും ഈ കുട്ടി എന്താണോ എഴുതിയിട്ടുണ്ടായിരുന്നത് അത് സത്യമാണ്. എപ്പോൾ പ്രഭാവം പുറത്തു വരുന്നുവോ അപ്പോൾ പ്രദർശിനി അഥവാ മ്യൂസിയത്തിൽ അവരെ വിളിപ്പിക്കുകയാണെങ്കിൽ മനസ്സിലാക്കാൻ കഴിയും, ബുദ്ധിയിൽ വരും ഇത് സത്യമാണല്ലോ. അനേകാനേകം മനുഷ്യർ വരുന്നു അതിനാൽ ചിന്തിക്കണം എങ്ങനെ ചെയ്യണം അതിലൂടെ മനുഷ്യർക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയണം, ഇതൊരു പുതിയ കാര്യമല്ല.ആരാണോ ഇവിടുത്തേത്, ആരെങ്കിലുമൊക്കെ തീർച്ചയായും മനസ്സിലാക്കും. നിങ്ങൾ എല്ലാവർക്കും ആത്മീയ വഴി പറഞ്ഞു കൊടുക്കുകയാണ്. പാവങ്ങൾ എത്ര ദുഃഖിതരാണ്, അവർ എല്ലാവരുടെയും ദുഃഖം എങ്ങനെ ദൂരീകരിക്കും. അനേകം പ്രശ്നങ്ങളാണല്ലോ. പരസ്പരം ശത്രുവായി മാറുകയാണെങ്കിൽ അവസാനിപ്പിക്കുന്നു. ഇപ്പോൾ ബാബ കുട്ടികൾക്ക് നല്ല രീതിയിൽ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. പാവം മാതാക്കളാണെങ്കിൽ അറിവുള്ളവരല്ല. പറയുന്നു ഞങ്ങൾ വിദ്യാഭ്യാസമുള്ളവരല്ല. ബാബ പറയുകയാണ് പഠിച്ചില്ലായെങ്കിൽ വളരെ നല്ലതാണ്. വേദ ശാസ്ത്രങ്ങൾ എന്തെല്ലാം പഠിച്ചിട്ടുണ്ടോ അതെല്ലാം ഇവിടെ മറക്കണം. ഇപ്പോൾ ഞാൻ എന്താണോ കേൾപ്പിക്കുന്നത്, അത് കേൾക്കൂ. മനസ്സിലാക്കിക്കൊടുക്കണം – നിരാകാരനായ പരംപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും സദ്ഗതി ചെയ്യാൻ സാധിക്കില്ല. മനുഷ്യരിൽ ജ്ഞാനം തന്നെയില്ലായെങ്കിൽ പിന്നെ

അവർക്കെങ്ങനെ സദ്ഗതി ചെയ്യാൻ സാധിക്കും. സദ്ഗതി ദാതാവ് ജ്ഞാനത്തിന്റെ സാഗരനായ ഒരേയൊരാളാണ്. മനുഷ്യരെ അങ്ങനെ പറയില്ല, ആരാണോ ഇവിടെയുള്ളവർ അവർ മാത്രമേ മനസ്സിലാക്കുന്നതിന് പ്രയത്നിക്കൂ. ഏതെങ്കിലും വലിയവർ വരുന്നുവെങ്കിൽ മൈക്കിന്റെ ജോലി ചെയ്യും. തുളസീദാസിന്റെ പാട്ടുണ്ട്, ദരിദ്രന്റെ വാക്കുകൾ ആരും ചെവിക്കൊള്ളില്ല. സേവനത്തിന്റെ യുക്തികൾ ബാബ ഒരുപാട് പറയുന്നുണ്ട്, കുട്ടികൾക്ക് കാര്യത്തിൽ കൊണ്ടു വരണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ജോലി മുതലായവ ചെയ്ത് ഭാവിയിലെ ഉയർന്ന പദവി നേടുന്നതിനുവേണ്ടി പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. ഈ നാടകം നിമിഷം പ്രതി മാറിക്കൊണ്ടിരിക്കുകയാണ് അതുകൊണ്ട് ഒരിക്കലും ഒരു സീനും കണ്ട് നിരാശരാകരുത്.

2) ഈ ആത്മീയ പഠിപ്പ് പഠിച്ച് മറ്റുള്ളവരെയും പഠിപ്പിക്കണം, എല്ലാവരുടെയും മംഗളം ചെയ്യണം. ഉള്ളിൽ ഈ സന്തോഷം വന്നുകൊണ്ടിരിക്കണം നമ്മൾ എങ്ങനെ എല്ലാവരെയും പാവനമാക്കുന്നതിന്റെ ഉപദേശം നൽകും, വീട്ടിലേക്കുള്ള വഴി പറഞ്ഞുകൊടുക്കും.

## വരദാനം- സർവ്വസംബന്ധങ്ങളിലൂടെയുമുള്ള സഹയോഗത്തിന്റെ അനുഭൂതിയിലൂടെ നിരന്തരയോഗിയും സഹയോഗിയുമായി ഭവിക്കട്ടെ.

എല്ലായ്പ്പോഴും ബാബയിൽനിന്നും സർവ്വ സംബന്ധങ്ങളുടേയും സഹയോഗം എടുക്കുക അർത്ഥം അനുഭവം എടുക്കുക .ഇതുതന്നെയാണ് സഹജമായ യോഗം.ബാബ ഏതുവിധേനയും സംബന്ധങ്ങളെ പൂർത്തീകരിക്കാൻ ബന്ധിതനാണ്.മുഴുവൻ കൽപത്തിലും ഇപ്പോൾ മാത്രമാണ് സർവ്വ അനുഭവങ്ങളുടേയും ഖജനാവ് പ്രാപ്തമാകുന്നത് അതിനാൽ സദാ സർവ്വസംബന്ധങ്ങളുടേയും സഹയോഗം എടുക്കുകയും നിരന്തരയോഗിയും സഹയോഗിയുമായി മാറുകയും ചെയ്യുക. എന്തെന്നാൽ ആരാണോ സർവ്വസംബന്ധങ്ങളുടേയും അനുഭൂതി അഥവാ പ്രാപ്തിയിൽ മഗ്നമായി ഇരിക്കുന്നത് അവർക്ക് പഴയലോകത്തെ അന്തരീക്ഷത്തിൽ നിന്നും സഹജമായി വേറിട്ടുനിൽക്കാനാകുന്നു.

## സ്ലോഗൻ-സർവ്വശക്തികളാലും സമ്പന്നമായി ഇരിക്കുന്നതുതന്നെയാണ് ബ്രാഹ്മണസ്വരൂപത്തിന്റെ വിശേഷത.

**അവ്യക്തസൂചന-ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാരൂപമാക്കി മാറ്റൂ.**
തപസ്യയിലൂടെ ശാന്തിയുടെ ശക്തിയുടെ കിരണങ്ങളെ നാനഭാഗത്തേക്കും വ്യാപിപ്പിക്കുന്ന അനുഭവം ഉണ്ടാക്കുക ഇതുതന്നെയാണ് തപസ്വീമൂർത്തിയുടെ അർത്ഥം. ഈ തപസ്വീ സ്വരൂപം മറ്റുള്ളവർക്ക് നൽകാനുള്ള സ്വരൂപമാണ്.എങ്ങിനെയാണോ സൂര്യൻ വിശ്വത്തിന് പ്രകാശത്തിന്റെയും അനേകം വിനാശീപ്രാപ്തികളുടേയും അനുഭൂതി ചെയ്യിക്കുന്നത് അതുപോലെ മഹാൻ തപസ്വി ആത്മാക്കളും ജ്വാലാരൂപമായ ശക്തിശാലി ഓർമ്മയിലൂടെ പ്രാപ്തികളുടെ കിരണങ്ങളെ അനുഭൂതി ചെയ്യിക്കുന്നു.